**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 554** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വിമുക്തി ബോധവൽക്കരണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ്

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** എക്സൈസിന്റെ വിമുക്തി പദ്ധതിയിലൂടെ ഏതെല്ലാം ലഹരി വിമുക്ത ബോധവൽക്കരണ പദ്ധതികളാണ് സ്കൂൾ, കോളേജ് തലങ്ങളിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ നേതൃത്വത്തിൽ നൂതനവും വൈവിധ്യവുമാർന്ന പദ്ധതികളാണ് സ്കൂൾ -കോളേജ് തലങ്ങളിൽ നടപ്പിലാക്കി വരുന്നത്.

<u>സ്കൂൾ തലം</u>

പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും, അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി സ്കൂളുകളിൽ കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യവികസനം, കളിയുപകരണങ്ങൾ വിതരണം എന്നിവ നടത്തുന്നതിനും "ഉണർവ്വ്" പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ 40 സ്കൂളുകളിൽ ഉണർവ്വ് പദ്ധതി പൂർത്തിയാക്കി. ടി പദ്ധതിയുടെ മേൽനോട്ടത്തിൽ സ്കൂളുകളിൽ കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും കായിക പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുകയും ഇതിനായി 5 ലക്ഷം രൂപവരെ ഓരോ സ്കൂളിനും അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ഫുട്ബാൾ കോർട്ട്, ജൂഡോ, റസ്ലിംഗ്, ഖോഖോ, കബഡി പരിശീലനം, മൾട്ടി പർപ്പസ് കോർട്ട്, ബാഡ്മിന്റൻ കോർട്ട്, വോളിബാൾ കോർട്ട് തുടങ്ങിയ വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ നിരവധി കുട്ടികൾക്ക് ഗ്രേസ് മാർക്കുകൾ ലഭിക്കുന്നതിനും, ഉണർവ്വ് പദ്ധതിയിലൂടെ സാധിച്ചിട്ടുള്ളതാണ്. "ലഹരിക്കെതിരെ കായിക ലഹരി" എന്ന ആശയം കുട്ടികളിലൂടെ പ്രാവർത്തികമാക്കുന്നതിനും, ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും ഉണർവ്വ് പദ്ധതിയ്ക്ക് സാധിച്ചിട്ടുണ്ട്.

ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും, കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി, സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ “ടീം വിമുക്തി” എന്ന പേരിൽ നെറ്റ്ബോൾ, വോളീബോൾ, ഹാൻഡ്ബോൾ, ഖോഖോ, കബഡി തുടങ്ങിയ വിവിധ കായിക ഇനങ്ങളിലായി സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുള്ളതാണ്. നിലവിൽ 1500 സ്കൂളുകളിൽ ടീം രൂപീകരിച്ചിട്ടുണ്ട്.

ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ

ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന പദ്ധതിയാണ് നേർവഴി (നേർവഴി മൊബൈൽ നമ്പർ 9656178000). 29.09.2022-ൽ ആരംഭിച്ച ടി പദ്ധതിയിൽ ആകെ ലഭിച്ച 812 പരാതികൾ പരിഹരിച്ചിട്ടുള്ളതാണ്.

കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും, ജീവിത നൈപുണ്യങ്ങൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനും പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ രക്ഷിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതിയാണ് ബാല്യം അമൂല്യം. പൈലറ്റ് പദ്ധതിയായി ഒരു ജില്ലയിൽ 10 സ്കൂളുകൾ വീതം എല്ലാ ജില്ലകളിലുമായി ആകെ 140 സ്കൂളുകളിൽ ആരംഭിച്ചു. കൂടുതൽ സ്കൂളുകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലും, സി.ബി.എസ്.ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങി എല്ലാ വിഭാഗം സ്കൂളുകളിലും ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. 2025-26 വർഷത്തിൽ സ്കൂൾതലത്തിൽ 5862 ക്ലബ്ബുകൾ രൂപീകരിച്ചു.

ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി 2022-2023 വർഷത്തിൽ SCERT യുമായി സഹകരിച്ച് കുട്ടികൾക്കായി “തെളിവാനം വരയ്ക്കുന്നവർ" എന്ന പേരിൽ ഒരു കൈപുസ്തകം തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്.

സോഷ്യോളജി, സൈക്കോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും എം.എസ്.ഡബ്ല്യു. എന്നീ യോഗ്യതയുമുള്ള 32 എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖാന്തിരം കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കായി പരിശീലനം നൽകി വിമുക്തി മെന്റേഴ്സ് ആയി വിദ്യാലയങ്ങളിലും വീടുകളിലും കുട്ടികൾക്ക് പ്രാഥമിക കൗൺസിലിംഗ് നൽകിവന്നിട്ടുള്ളതാണ്. വിമുക്തി മെന്റേഴ്സ് മുഖേന 2026 മാർച്ച് വരെ 5304 പ്രാഥമിക കൗൺസിലിംഗ് നൽകിയിട്ടുള്ളതുമാണ്.

ബഹു.മുഖ്യമന്ത്രി, എക്സൈസ് വകുപ്പ് മന്ത്രി ഉൾപ്പെടെയുള്ളവരുടെ ബോധവൽക്കരണ സന്ദേശങ്ങൾ, വെൽക്കം കാർഡുകൾ തുടങ്ങിയവ സ്കൂൾ ആരംഭത്തിലും നവംബർ 1-നും സ്കൂളുകളിൽ വിതരണം ചെയ്യുന്നു. 2025-26 വർഷത്തിൽ ഇത്തരത്തിൽ 6.5 ലക്ഷം സന്ദേശങ്ങളും 2025-26 അദ്ധ്യയന വർഷത്തിൽ, 4 ലക്ഷം വെൽക്കം കാർഡുകൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

ജീവിത നൈപുണികളെ അടിസ്ഥാനമാക്കി ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് 272 എക്സൈസ് ഉദ്യോഗസ്ഥർക്ക് എക്സൈസ് അക്കാദമിയിൽ വച്ച് NIMHANS മുഖേന പരിശീലനം നൽകിയിട്ടുള്ളതും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിന് ഇവരെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ ഓരോ മേഖലയ്ക്കും അനുയോജ്യമായ രീതിയിൽ വിഷയങ്ങൾ ക്രമീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നത്. 2025-2026 വർഷത്തിൽ സ്കൂൾ തലത്തിൽ 88497 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും കോളേജ് തലത്തിൽ 9398 ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.

സ്കൂൾ പ്രവേശനത്തിന്റെ ആദ്യ ആഴ്ചകളിൽ കുട്ടികൾക്ക് വിവിധ വിഷയങ്ങളിൽ അവബോധം നൽകുന്നതിനുള്ള "കൂടെയുണ്ട് കരുത്തേകാൻ” പദ്ധതിയുടെ ഭാഗമായി, ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി 'ജീവിതമാണെന്റെ ലഹരി' എന്ന മൊഡ്യൂളുകൾ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ റിസോഴ്സ് അദ്ധ്യാപകർക്ക് പരിശീലനങ്ങളും കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ശാസ്ത്രീയമായ രീതിയിൽ ബോധവൽക്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്.

<u>കോളേജ് തലം</u>

കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ പ്രിൻസിപ്പലിന്റെ/വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ **"നേർക്കൂട്ടം"** എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ പ്രിൻസിപ്പലിന്റെ/വൈസ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ "ശ്രദ്ധ"എന്ന പേരിലും കമ്മിറ്റികൾക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. നിലവിൽ 2906 നേർക്കൂട്ടം കമ്മിറ്റികളും 821 ശ്രദ്ധ കമ്മിറ്റികൾ സംഘടിപ്പിച്ചിട്ടുണ്ട്. ശ്രദ്ധ/ നേർക്കൂട്ടം കമ്മിറ്റികളുടെ സഹകരണത്തോടെ "യുവതയ്ക്കൊപ്പം" എന്ന പേരിൽ ലഹരി വിരുദ്ധ സെമിനാർ 69 സർക്കിൾ തലത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോളജ് വിദ്യാർത്ഥികൾക്കായി ശ്രദ്ധ/നേർക്കൂട്ടം കമ്മിറ്റികളുടെ സഹകരണത്തോടെ 14 ജില്ലകളിലും ഫ്ലാഷ് മോബ് മത്സരം, ഡിബേറ്റ് മത്സരം, വോളിബോൾ മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് നേർക്കൂട്ടം - ശ്രദ്ധ കമ്മിറ്റികളുടെ സഹായത്തോടെ കോളേജുകളിലും ഹോസ്റ്റലുകളിലും ആകസ്മിക പരിശോധന നടത്തി നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്കൂളുകൾ തുറക്കുന്നതിനു മുൻപ് ബഹു.എക്സൈസ് മന്ത്രിയുടെ സാന്നിധ്യത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചുകൂട്ടുകയും ആയതിൽ സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി എക്സൈസ് വകുപ്പും മറ്റു വകുപ്പുകളും ആയി ഏകോപനം നടത്തി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്കൂൾ-കോളേജ് എന്നിവിടങ്ങളിലെ പരിസരത്തുള്ള കടകളിൽ പോലീസ്, എക്സൈസ് ചേർന്ന് പുകയില ഉൽപ്പന്നങ്ങൾക്കും മയക്കുമരുന്നുകൾക്കുമെതിരെ കർശന പരിശോധന നടത്തിയിട്ടുള്ളതും സ്കൂൾ പരിസരം പുകയില വിൽപനക്കാരുടെയും മയക്കുമരുന്ന് കച്ചവടക്കാരുടെയും കേന്ദ്രമാകാതിരിക്കാൻ മഫ്റ്റിയിൽ പരിശോധനകൾ നടത്തിയിട്ടുള്ളതും സ്കൂളിലെ അധ്യാപകരുമായി ചർച്ച നടത്തി അവരുടെ നമ്പരുകൾ ശേഖരിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

<u>"മയങ്ങില്ല കേരളം"</u>

സ്കൂൾ പരിസരങ്ങളിലെ ആളൊഴിഞ്ഞ കെട്ടിടങ്ങൾ, കുറ്റിക്കാടുകൾ, വിജനമായ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിയിട്ടുള്ളതും ജൂൺ 26 ന് സർക്കാർ പ്രഖ്യാപിക്കാൻ ഇരിക്കുന്ന "മയങ്ങില്ല കേരളം" എന്ന പദ്ധതിയുടെ ഭാഗമായി ആന്റിനാർക്കോട്ടിക് ക്ലബ്ബുകളുടെ പ്രവർത്തനം ഉർജ്ജിതമാക്കുകയും സംസ്ഥാനത്തിലുടനീളമുള്ള എല്ലാ സ്കൂളുകളിലും കൗൺസിലർമാർമാരുടെ സേവനം ഉറപ്പുവരുത്തുവാനും ലക്ഷ്യമിട്ടിട്ടുണ്ട്. കുട്ടികൾക്ക് വേണ്ടിയുള്ള ഡി-അഡിക്ഷൻ സെന്ററുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുവാനും കൂടുതൽ ആശുപത്രികളിൽ കുട്ടികൾക്ക് വേണ്ടിയുള്ള ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്. "മയങ്ങില്ല കേരളം" പദ്ധതിയുടെ ഭാഗമായി എക്സൈസിന്റെ സേവനം പൊതുജനങ്ങളിലേക്കും കുട്ടികളിലേക്കും എത്തുന്നതിനുവേണ്ടി ഒരു എക്സൈസ് പോർട്ടലും, മൊബൈൽ ആപ്പും ആരംഭിക്കും. ഡി - അഡിക്ഷന് ശേഷം പുനരധിവാസം വേണ്ട കുട്ടികൾക്ക് ആയതിനുള്ള സേവനം നൽകുന്നതിനായി സർക്കാർ നടപടികൾ കൈകൊണ്ടിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**